6917
17/7/14

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ്- തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല പഞ്ചായത്തിൽ കണിയാർകോട് വില്ലേജിൽ സർവെ നം.688/1, 688/2 ൽപ്പെട്ട 6 ഏക്കർ 82 ¼ സെന്റ് ഭൂമി ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരവും മറ്റ് നിബന്ധനകൾക്ക് വിധേയമായും ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, പട്ടിക ജാതി വികസന വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ(എൽ)വകുപ്പ്

ജി.ഒ.(എം.എസ്) നമ്പർ. 304/2014/റവ                    തീയതി, തിരുവനന്തപുരം, 17.07.2014

---

പരാമർശം:-
1) തൃശൂർ ജില്ലാ കളക്ടറുടെ 7.5.13 ലെ എൽ2-24913/12 നമ്പർ കത്ത്
2)ലാന്റ് റവന്യൂ കമ്മീഷണറുടെ 7/6/2013 ലെ എൽ.ആർ.കെ2.20628/2013 (1) നമ്പർ കത്ത്
3)23.1.2012 ലെ എഡ്യൂ.സി1/6766/2010 നമ്പറിലുള്ള പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കത്ത്

## <u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിൽ തിരുവില്വാമല പഞ്ചായത്തിൽ കണിയാർകോട് വില്ലേജിൽ സർവെ നം.688/1, 688/2 ൽപ്പെട്ട 6 ഏക്കർ 82 ¼ സെന്റ് ഭൂമി ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറുന്നതിനുള്ള ഭൂമി കൈമാറ്റ നിർദ്ദേശം പരാമർശം 2 ലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിച്ചു.

(2) പ്രസ്തുത ഭൂമി കണിയാർകോട് വില്ലേജ് സർവ്വെ നം.688/1 ൽപ്പെട്ട 1 ഏക്കർ 37 സെന്റും 688/2 ൽപ്പെട്ട 5 ഏക്കർ 45 ¼ സെന്റും ഉൾപ്പെടെ ആകെ 6 ഏക്കർ 82 ¼ സെന്റാണ്. പ്രസ്തുത ഭൂമിയ്ക്ക് 75,87,984.50/- രൂപയും വൃക്ഷങ്ങൾക്ക് 4,85,852/- രൂപയും ഉൾപ്പെടെ 80,73,837/- രൂപയാണ് തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള കമ്പോളവില. സർക്കാരിന്റെ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം പ്രസ്തുത ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി ഉത്തരവ് ലഭ്യമാക്കണമെന്ന് പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ കണിയാർകോട് വില്ലേജിൽ സർവെ നം.688/1, 688/2 എന്നിവയിൽപ്പെട്ട 6 ഏക്കർ 82 ¼ സെന്റ് ഭൂമി ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടം പണിയുന്നതിലേക്കായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി പട്ടിക ജാതി വികസന വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

(i) നിർദ്ദിഷ്ട ഭൂമിയിൽ രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(ii) ഭൂമി കൈവശം വയ്ക്കുന്ന പട്ടികജാതി വികസന വകുപ്പ് തന്നെ ഭൂമിയിൽ യാതൊരു വിധത്തിലുമുള്ള കയ്യേറ്റം ഉണ്ടാകാതെ സംരക്ഷിക്കേണ്ടതാണ്.

(iii) ഭൂമി ഉപപാട്ടത്തിന് നൽകാനോ, മറ്റ് ആവശ്യങ്ങൾക്ക് ഭാഗികമായി അനുവദിക്കാനോ, കൈമാറ്റം ചെയ്യുവാനോ, ദുരുപയോഗപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ പാടുള്ളതല്ല;

(iv) ഭൂമി അനുവദിക്കുന്ന ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ;

(v) നിർദ്ദിഷ്ട ഭൂമിയിൽ മരങ്ങളുണ്ടെങ്കിൽ അവ പരമാവധി നിലനിർത്തേണ്ടതും, ഏതെങ്കിലും മരം മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങി നടപടി ക്രമമനുസരിച്ച് മുറിക്കേണ്ടതുമാണ്.

(vi) മേൽ പറഞ്ഞ നിബന്ധനകൾ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി നഷ്ടപരിഹാരം നൽകാതെ തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാകുന്നതാണ്.

4)ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ തൃശൂർ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ഇ.കെ.മാജി
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാകളക്ടർ, തൃശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
പട്ടികജാതി വികസന വകുപ്പ്
ധനകാര്യ (വ്യയം .എ)വകുപ്പ് (10.3.14 ലെ അനൗദ്യോഗിക കുറിപ്പ് നം.17920/വ്യയം എ 2/14/ധനകാര്യ വകുപ്പ് കാണുക)
പൊതുഭരണ (എസ്.സി) വകുപ്പ്
ഐ & പി.ആർ. (ന്യൂ & വെബ് മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫിസർ